വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ വികസനത്തിന് വകയിരുത്തിയ തുക

143 (2422) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. സുജനപാൽ :
പ്രൊഫ. എ. ഡി. മുസ്തഫ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പദ്ധതിയിൽ പട്ടികവർഗ്ഗ വികസനത്തിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) ഈ തുകയുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ വികസന പ്രവർത്തനത്തിന്റെ ഫലം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുമോ ;

(ഡി) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ എണ്ണമെത്രയാണ് ;

(ഇ) ഈ തുക ചെലവഴിക്കുമ്പോൾ ആളോഹരി എന്തു തുകയുടെ പ്രയോജനം അവർക്ക് ലഭിക്കുമെന്ന് അറിയിക്കാമോ ; ആളോഹരി തുകയും തുകയുടെ പ്രയോജനം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003-04 വർഷം പട്ടികവർഗ്ഗ വികസനത്തിനുവേണ്ടി സംസ്ഥാന വിഹിതമായി 8857.50 ലക്ഷം രൂപ വകയിരുത്തിയതിൽ 4443.75 ലക്ഷം രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ഇൻ-എയിഡായി നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1590.30 ലക്ഷം രൂപ കേന്ദ്രസഹായം പ്രതീക്ഷിച്ചു കൊണ്ട് ആകെ കണക്കാക്കിയിരിക്കുന്ന വിഹിതം 10447.80 ലക്ഷം രൂപയാണ്. കൂടാതെ പ്രത്യേക കേന്ദ്ര സഹായമായി 35.50 കോടി രൂപ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക പരിപാടികൾക്ക് വേണ്ടി അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗ ഉപപദ്ധതിക്കുവേണ്ടി വകയിരുത്തുന്ന തുക പ്രധാനമായും ചെലവഴിക്കുന്നത് വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികോന്നമന പരിപാടികൾ എന്നിവയ്ക്കാണ് പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. ഇതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികളും നടപ്പാക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1991-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ എണ്ണം 3,20,967 ആണ്.

(ഇ) 1. 2003-04 വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി ബഡ്ജറ്റ് വിഹിതമായ 10447.50 രൂപ സംസ്ഥാനത്തെ മൊത്തെ പട്ടികവർഗ്ഗ ജനസംഖ്യയായ 3,20,967 പേർക്ക് വീതിക്കുമ്പോൾ ആളോഹരി ശരാശരി 3.255 രൂപയുടെ പ്രയോജനം ലഭിക്കുന്നതായി കണക്കാക്കാവുന്നതാണ്.

2. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി നടപ്പാക്കുന്ന പദ്ധതികൾ ഈ വിഭാഗത്തിന് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്റെ പ്രാരംഭ ഘട്ടമായി പട്ടികവർഗ്ഗ പ്രദേശത്തെ വികസനസാധ്യത/വികസന പരിപ്രേക്ഷ്യവും ചർച്ച ചെയ്ത് ആ പ്രദേശത്തിനുതകുന്ന വികസന പദ്ധതികൾക്ക് രൂപരേഖകൾ തയ്യാറാക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ്.

ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും മറ്റ് വികസന വകുപ്പുകളിലെ ജില്ലാ ഓഫീസർമാർ അംഗങ്ങളുമായിട്ടുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് പട്ടികവർഗ്ഗ ഉപപദ്ധതികൾ പരിശോധിക്കുകയും അംഗീകാരം നല്കുകയും ചെയ്യുന്നത്.

സംസ്ഥാനതലത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി പരിപാടികളുടെ പുരോഗതി വിലയിരുത്തുകയും, മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാന വർക്കിംഗ് ഗ്രൂപ്പും ആസൂത്രണ വകുപ്പിന്റെ പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെല്ലും ആണ്.

വാർഷിക പദ്ധതിയിൽ പട്ടികജാതി വികസനത്തിന് വകയിരുത്തിയ തുക

144 (2423) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ടി. തോമസ് ;
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ പദ്ധതിയിൽ പട്ടികജാതി വികസനത്തിന് എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) ഈ തുകയുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ വികസന പ്രവർത്തനങ്ങളുടെ ഫലം എല്ലാ പട്ടികജാതിക്കാർക്കും ലഭിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly